പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4165 26.06.2013 ലെ മറുപടിക്ക്

## സ്വയംപര്യാപ്ത ഗ്രാമങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഇ. പി. ജയരാജൻ | | ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതിപിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതിക്കാർക്കായുള്ള സ്വയം പര്യാപ്തഗ്രാമപദ്ധതിയിൽ ഓരോ മണ്ഡലത്തിലേയും ഗ്രാമങ്ങൾ തെരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട് നിയമസഭാ സാമാജികരുമായി ആലോചിച്ചിരുന്നുവോ; | (എ) | അൻപതോ അവയിൽ കൂടുതലോ പട്ടികജാതികുടുംബങ്ങൾ അധിവസിക്കുന്നതും അടിസ്ഥാന സൗകര്യങ്ങൾ തീരെ കുറഞ്ഞതുമായ 436 പട്ടികജാതി കോളനികളിൽ നിന്നും എംഎൽഎമാർ, എംപിമാർ എന്നിവർ നിർദ്ദേശിച്ച 114 കോളനികളെയാണ് 2012 – 13 സാമ്പത്തിക വർഷം 'സ്വയം പര്യാപ്ത കോളനി' പദ്ധതിയിൽ ഉൾപ്പെടുത്തിയത്. |
| (ബി) | ഏത് ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നാണ് ഇവയ്ക്കായുള്ള തുക വിനിയോഗിക്കുന്നത്; | (ബി) | 2225-01-800-57<br>കോർപ്പസ് ഫണ്ട് (പ്ലാൻ) |
| (സി) | ഇതു പൂർണ്ണമായും സംസ്ഥാന പദ്ധതിയിലാണോ; കേന്ദ്ര വിഹിതമുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം; | (സി) | പൂർണ്ണമായും സംസ്ഥാന പദ്ധതിയാണ്. |
| (ഡി) | എത്ര തുകയാണ് സംസ്ഥാന വിഹിതമായി നീക്കിവച്ചിട്ടുള്ളത്; | (ഡി) | 2012- 13 സാമ്പത്തിക വർഷം തെരഞ്ഞെടുത്ത 114 കോളനികളിലേയ്ക്കായി 28.2977 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ഇ) | ഒരു ഗ്രാമത്തിൽ എത്ര തുകയാണ് ചെലവിടുന്നത്; | (ഇ) | ഒരു ഗ്രാമത്തിൽ ഒരു കോടി രൂപയാണ് ചെലവിടുന്നത് |
| (എഫ്) | പദ്ധതി നടത്തിപ്പിൽ ത്രിതല പഞ്ചായത്തുകൾക്ക് എന്ത് സ്ഥാനമാണ് നൽകിയിട്ടുള്ളത്? | (എഫ്) | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി നടത്തിപ്പിൽ പ്രത്യേക സ്ഥാനം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ.